**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **11-02-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിൽ അനുവദിച്ച വിവിധ നഗറുകളിലെ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണ്; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളത്; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത നിയോജകമണ്ഡലത്തിലെ മങ്കട പഞ്ചായത്തിൽ നിന്നും 2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കളത്തിൽചാലത്തിൽ നഗർ, ചൊവ്വാണ നഗർ എന്നീ ഗ്രാമങ്ങളുടെയും 2019-20 ഉൾപ്പെടുത്തിയിട്ടുള്ള അമ്പലപ്പറമ്പ് നഗറിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ മങ്കട ബ്ലോക്കിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പട്ടിയിൽപ്പറമ്പ് നഗറിലെ ഭവനപുനരുദ്ധാരണം, വ്യക്തിഗത കിണർ റിപ്പയറിംങ്, സംരക്ഷണഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗതിയിലാണ്. ഡ്രെയിനേജ് പിറ്റ്, പൊതുകിണർ, ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മങ്കട ബ്ലോക്കിലെ കല്ലറാംകുന്ന് നഗർ (2021-22) ഇന്റേണൽ റോഡ് ആന്റ് ഫുട്ട്പാത്ത് ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പുരോഗതിയിലാണ്. സ്മശാനം ബിൽഡിങ് നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മാണം, സാനിറ്റേഷൻ, പൊതുകിണർ റിപ്പയറിംങ്, സോളാർ മിനിമാസ്റ്റ് എന്നീ പ്രവൃത്തികൾ ആരംഭിക്കാനുണ്ട്. മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ് ടി നഗറുകളിലെ നിർമ്മാണ പ്രവൃത്തനങ്ങളുടെ നിർവ്വഹണ ഏജൻസി. |
| (ബി) | ഓരോ പ്രവൃത്തിയും നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ